# LBS CENTRE FOR SCIENCE & TECHNOLOGY

*(A Government of Kerala Undertaking)*

**Extra Police Road, Nandavanam, Thiruvananthapuram-695 033, Kerala.**

Phone: 2324396, 2324148, 2324364 Fax: 0471-2337055

email:mail@lbscentre.org, lbscentre@gmail.com web: lbskerala.com, lbscentre.org


Ref:B10/4396/2015 **സംസ്ഥാനതല പ്രസിദ്ധീകരണത്തിന്** Date : 13-11-2015

## സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ( SET December 2015)

ഹയർ സെക്കണ്ടറി, നോൺ വൊക്കേഷണൽ ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനത്തിന് കേരള സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സംസ്ഥാനതല യോഗ്യതാ നിർണ്ണയ പരീക്ഷയായ സെറ്റ് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) **2016** ജനുവരി **31**-ാം തീയതി നടത്തുന്നതാണ്. G.O.(Rt) No.4914/15/Gl.Edn dated 16/10/2015 പ്രകാരം ഈ പരീക്ഷ നടത്തുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് എൽ.ബി.എസ്.സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയെയാണ്.

സെറ്റ് ഡിസംബർ 2015-ന്റെ പ്രോസ്പെക്ടസും, സിലബസും എൽ ബി എസ് സെന്ററിന്റെ വെബ് സൈറ്റുകളിൽ ലഭ്യമാണ്.

ബിരുദാനന്തര ബിരുദ പരീക്ഷയിൽ 50% ത്തിൽ കുറയാതെ മാർക്ക് അല്ലെങ്കിൽ തത്തുല്ല്യ ഗ്രേഡും, ബി.എഡ്-ഉം ആണ് അടിസ്ഥാന യോഗ്യത.. ചില പ്രത്യേക വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമുള്ളവരെ ബി.എഡ്. വേണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. LTTC യോ DHT യോ അല്ലാതെയുള്ള ട്രെയിനിംഗ് യോഗ്യതകൾ ബി.എഡ്-ന് തുല്യമായി പരിഗണിക്കുന്നതല്ല. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്നവർക്ക് ബിരുദാനന്തര ബിരുദത്തിന് 5% മാർക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്.

**അടിസ്ഥാന യോഗ്യതയിൽ ഒന്നുമാത്രം നേടിയവർക്ക് താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾ പ്രകാരം സെറ്റ് പരീക്ഷ എഴുതാവുന്നതാണ്.**

1) പി.ജി. ബിരുദം മാത്രം നേടിയവർ ബി.എഡ് കോഴ്സ് പഠിച്ചുകൊണ്ടിരിക്കുന്നവർ ആയിരിക്കണം.
2) അവസാനവർഷ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സ് പഠിക്കുന്നവർക്ക് ബി.എഡ്. ബിരുദം ഉണ്ടയിരിക്കണം.
3) മേൽ പറഞ്ഞ നിബന്ധന പ്രകാരം (1&2) സെറ്റ് പരീക്ഷ എഴുതുന്നവർ അവരുടെ പി.ജി./ബി.എഡ്. പരീക്ഷ നിശ്ചിത യോഗ്യതയോടു കൂടി പാസ്സായ സർട്ടിഫിക്കറ്റുകൾ സെറ്റ് പരീക്ഷയുടെ ഫലം പ്രഖ്യാപിച്ച തീയതി മുതൽ ഒരു വർഷത്തിനകം സമർപ്പിക്കാത്ത പക്ഷം അവരെ ആ ചാൻസിൽ സെറ്റ് പരീക്ഷ പാസ്സായതായി പരിഗണിക്കുന്നതല്ല.

<u>ഈ പരീക്ഷയ്ക്ക് ഓൺ ലൈൻ ആയി രജിസ്റ്റർ ചെയ്യുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ, രജിസ്റ്റർ നമ്പർ, സൈറ്റ് അക്സസ് കീ എന്നിവ അടങ്ങിയ കിറ്റുകൾ കേരളത്തിലെ ഹെഡ് പോസ്റ്റാഫീസുകളിൽ നിന്നും 16/11/2015 മുതൽ 7/12/2015 വരെ ലഭിക്കുന്നതാണ്. ഇതോടൊപ്പം പ്രോസ്പെക്ടസ് ലഭിക്കുന്നതല്ല. ഇതിനുവേണ്ടി ജനറൽ/ഒ.ബി.സി. വിഭാഗങ്ങളിൽപെടുന്നവർ 750 രൂപയും, എസ്.സി./എസ്.ടി./വി.എച്ച്./പി.എച്ച്. എന്നീ വിഭാഗങ്ങളിൽപെടുന്നവർ 375 രൂപയും നൽകേണ്ടതാണ്.</u> കേരളത്തിന് പുറത്തുള്ളവർ ഇത് ലഭിക്കുവാൻ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും എൽ.ബി.എസ്. സെന്റർ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 800 രൂപ ഡി.ഡി യും എസ്.സി./എസ്.ടി/വി.എച്ച്./പി.എച്ച്. വിഭാഗങ്ങളിൽപെടുന്നവർ 425 രൂപ ഡി.ഡി യും സ്വന്തം മേൽ വിലാസം എഴുതിയ (31cmX25cm) കവർ സഹിതം ഡയറക്ടർ, എൽ.ബി.എസ്സ്.സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ നവംബർ 27-ാം തീയതിക്കകം തിരുവനന്തപുരം എൽ ബി എസ് സെന്ററിൽ ലഭിക്കത്തക്കവിധം അപേക്ഷിക്കേണ്ടതാണ്. എസ്.സി./എസ്.ടി./വി.എച്ച്./പി.എച്ച്. വിഭാഗങ്ങളിൽപെടുന്നവർ ഫീസ് ഇളവിനായി ജാതി/വിഭാഗം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

സെറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ, നിർബന്ധമായും എൽ ബി എസ് സെന്ററിന്റെ വെബ് സൈറ്റിൽ 'ഓൺ ലൈൻ' ആയി രജിസ്റ്റർ ചെയ്തിരിക്കണം. ഇതിനുള്ള നിർദ്ദേശം പ്രോസ്പെക്ടസിൽ വിശദമായി നൽകിയിട്ടുണ്ട്. ഓൺ ലൈനായി രജിസ്റ്റർ ചെയ്ത ശേഷം ഓൺ ലൈൻ ആപ്ലിക്കേഷന്റെ പ്രിന്റ് ഔട്ട് തിരുവനന്തപുരം എൽ ബി എസ് സെന്ററിൽ തപാലിൽ അയയ്ക്കേണ്ടതാണ്/നേരിട്ട് നൽകേണ്ടതാണ്. അപേക്ഷയോടൊപ്പം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ ഹാജരാക്കേണ്ട ആവശ്യമില്ല. അപേക്ഷ യോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ വിശദവിവരങ്ങൾ പ്രോസ്പെക്ടസിൽ നൽകിയിട്ടുണ്ട്.

പൂരിപ്പിച്ച അപേക്ഷകൾ **2015** ഡിസംബർ **7** ന് വൈകുന്നേരം **5** മണിക്കുമുമ്പായി എൽ ബി എസ് സെന്ററിൽ ലഭിച്ചിരിക്കണം. ഓൺലൈൻ രജിസ്ട്രേഷൻ അന്നേദിവസം ഉച്ചകഴിഞ്ഞ് **3** മണിക്ക് മുമ്പായി പൂർത്തിയാക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾ **www.lbskerala.com, www.lbscentre.org** എന്നീ വെബ് സൈറ്റുകളിൽ നിന്നും ലഭിക്കുന്നതാണ്.

**<u>സെറ്റ് ഡിസംബർ 2015 ന്റെ അപേക്ഷാഫാറം ലഭിക്കുന്ന ഹെഡ് പോസ്റ്റാഫീസുകൾ</u>**

തിരുവനന്തപുരം ജി.പി.ഒ., പൂജപ്പുര, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, കൊല്ലം, കൊട്ടാരക്കര, കരുനാഗപ്പള്ളി, പുനലൂർ, പത്തനംതിട്ട, അടൂർ, ചെങ്ങന്നൂർ, തിരുവല്ല, ആലപ്പുഴ, ചേർത്തല, കായംകുളം, മാവേലിക്കര, കോട്ടയം, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, വൈക്കം, പാല, തൊടുപുഴ, കട്ടപ്പന, എറണാകുളം, ആലുവ, കൊച്ചി, മൂവാറ്റുപുഴ, പെരുമ്പാവൂർ, ചാലക്കുടി, ഇരിങ്ങാലക്കുട, കുന്നംകുളം, തൃശ്ശൂർ, വടക്കാഞ്ചേരി, ആലത്തൂർ, ഒലവക്കോട്, ഒറ്റപ്പാലം, പാലക്കാട്, മലപ്പുറം, മഞ്ചേരി, പൊന്നാനി, തിരൂർ, കോഴിക്കോട്, കോഴിക്കോട് സിവിൽ സ്റ്റേഷൻ,കൊയിലാണ്ടി,വടകര,കൽപ്പറ്റ, കാഞ്ഞങ്ങാട്, കാസർഗോഡ്, കണ്ണൂർ, തളിപ്പറമ്പ,തലശ്ശേരി.